**പൊതു സ്ഥലംമാറ്റം**
**അടിയന്തിരം**

നംമ്പർ ബി 2/194/2010/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി. 04/01/2010
ഫോൺ നമ്പർ. 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെൻറ് കോളേജുകൾ - 2010-2011 അക്കാദമിക് വർഷത്തേയ്ക്കുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു -

സൂചന :- 1) 21.12.1994 ലെ ജി. ഒ (എം.എസ്) നംപർ 27/94/ഉ.വി.വ
2) 14.08.1997 ലെ ജി.ഒ (എം.എസ്) 112/97/ഉ.വി.വ
3) 01.09.2004 ജി.ഒ (എം.എസ്) 114/2004/ഉ.വി.വ

ഗവൺമെൻറ് ആർട്സ് ആൻറ് സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലെയും മ്യൂസിക് കോളേജുകളിലേയും ഗവൺമെൻറ് സംസ്കൃത കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകളിലും, ഗവൺമെൻറ് പോളീടെക്നിക്ക് കോളേജുകളിലും ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2010 - 11 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലമാറ്റത്തിന് അപേക്ഷകൾ ക്ഷ ണിക്കുന്നു. നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച്, അതാത് കോളേജ് പ്രിൻസിപ്പൽമാരുടെ ശുപാർശയോടുകൂടി 2010 ജനുവരി 31 നകം ഈ ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്. നിർദ്ദിഷ്ട തീയതിയ്ക്ക് ശേഷം ലഭിക്കുന്നഅപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) അപേക്ഷകൾ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് പ്രത്യേകം അാമുഖ കത്തോടെ അയച്ചു തരേണ്ടതാണ്.
2) കോളേജിൽ എൻ.സി.സി. യൂണിറ്റുണ്ടെങ്കിൽ അാ വിവരവും എൻ.സി.സി. ഓഫീസറായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ വിവരവും (പേര്, തസ്തിക, ട്രെയിനിംഗ് പൂർത്തിയാക്കിയ തീയതി , എൻ.സി.സി ഓഫീസറായി ചുമതല ഏറ്റെടുത്ത തീയതി മുതലായവ) അാമുഖ കത്തിൽ അറിയിച്ചിരിക്കേണ്ടതാണ്.
3) എഫ്.ഐ.പി. ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി തുടങ്ങിയരീതിയിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ അറിയിച്ചിരിക്കണം.
4) നിലവിൽ ഓരോ വിഷയത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള അാകെ തസ്തികകൾ/ യഥാർത്ഥത്തിലുള്ള വർക്ക്ലോഡ് പ്രകാരം ആവശ്യമായ തസ്തികകൾ /

നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ (ഇപ്പോൾ ജോലി ചെയ്യുന്ന കോളേജിൽ എന്ന് മുതൽ ജോലി നോക്കുന്നു) ഒ ഴിഞ്ഞു കിടക്കുന്ന തസ്തികകൾ എന്നിവ അറിയിക്കേണ്ടതാണ്.

5) 31/03/2010 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

6) നിലവിൽ ഹോം സ്റ്റേഷൻ ഡിക്ളയർ ചെയ്തിട്ടില്ലാത്ത അദ്ധ്യാപകർ തെരഞ്ഞെടുക്കുന്ന ഹോം സ്റ്റേഷൻ, നേരത്തെ തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ പുതിയതായി തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ എന്നീ വിവരങ്ങൾ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം, അയച്ചു തരേണ്ടതാണ്.

7) സ്ഥലം മാറ്റത്തിന് ഏതെങ്കിലും തരത്തിൽ പരിരക്ഷ ഉള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ നിർബന്ധമായും കാ ണിച്ചിരിക്കുകയും, ആവശ്യമായ രേഖകൾ അയയ്ക്കുകയും ചെയ്തിരിക്കണം.

8) 31/01/2010 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷ പൂരിപ്പിച്ച് ജനുവരി 31 നകം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് ഫെബ്രുവരി മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിൻമേൽ പരാതിയുള്ള പക്ഷം അായത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാ ന തീയതി പിന്നീട് അറിയിക്കുന്നതാണ്. സ്ഥലം മാറ്റം നൽകി കൊണ്ടുള്ള അന്തിമ ഉത്തരവ് മാർച്ച് മാസത്തിൽ പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്/-
കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

1) എല്ലാ ഗവൺമെൻറ് കോളേജ് പ്രിൻസിപ്പൽമാർക്കും.
2) എല്ലാ ഗവൺമെൻറ് എഞ്ചിനിയറിംഗ് കോളേജ് / ലാ കോളേജ് / മെഡിക്കൽ കോളേജ്/ ആയുർവ്വേദ കോളേജ് പ്രിൻസിപ്പർമാർക്കും.
3) എല്ലാ ഗവൺമെൻറ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും.
4) ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

പകർപ്പ്:-
1) സൂപ്രണ്ട് എ / ബി സെക്ഷൻ.
2) എ / ബി സെക്ഷനുകളിലെ എല്ലാ ക്ലാർക്കുമാർക്കും
3) കരുതൽ ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്

പി.കെ. 05.01.

കോളേജ് വിദ്യാഭ്യാസ വകുപ്പ്
പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ - 2010

1) അപേക്ഷകൻെറ പേര്

2) ഔദ്യോഗിക മേൽവിലാസം

3) സ്ഥലം മാറ്റം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ
( മുൻഗണനാക്രമത്തിൽ)

1)
2)
3)

4) ഹോം സ്റ്റേഷൻ

5) മുൻപ് തെരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും
വിശദ വിവരവും

6) സ്ഥലം മാറ്റത്തിനുള്ള കാരണം

7) (എ) ജനന തീയതി
ബി) പെൻഷൻ തീയതി
(സി) സർവ്വീസിൽ പ്രവേശിച്ച തീയതി

8) മുൻപു ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും
ജോലി ചെയ്തിരുന്ന കാലവും

| സ്ഥാപനത്തിൻെറ പേര് | പ്രവേശന തീയതി | റിലീവ് ചെയ്ത തീയതി | ഔട്ട് സ്റ്റേഷൻ സർവ്വീസ് |
|---|---|---|---|
| | | | |

9) സ്ഥലം മാറ്റത്തിനുള്ള മുൻഗണന
അർഹിക്കുന്ന വിഭാഗക്കാരനാണോ അതെ / അല്ല

10) അതെ എങ്കിൽ വിശദ വിവരം

11) സ്ഥലം മാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കുന്ന
വിഭാഗക്കാരനാണോ അതെ / അല്ല

12) അതെ എങ്കിൽ വിശദവിവരം

13) എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുകയാണോ അതെ / അല്ല

## <u>സത്യപ്രസ്താവന</u>

ഞാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എൻെറ അറിവിലും ഉത്തമ വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകൻെറ ഒപ്പ് :
പേര് :

സ്ഥലം ;

തീയതി

സ്ഥാപനമേലധികാരിയുടെ ശുപാർശ

സ്ഥലം ;

തീയതി

ഒപ്പ്

## ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന് / മാറ്റത്തിനുള്ള അപേക്ഷ

1) അപേക്ഷകൻെറ പേര്

2) ഔദ്യോഗിക മേൽ വിലാസം

3) മിശ്രവിവാഹിതർ / പട്ടിക ജാതി / പട്ടിക വർഗ്ഗം / വികലാംഗർ / സ്വാതന്ത്ര്യ സമര സേനാനികളുടേയും ജവാൻമാരുടേയും ആശ്രിതർ എന്നീ വിഭാഗത്തിൽ പ്പെടുന്നുണ്ടോ എങ്കിൽ വിശദ വിവരം

4) തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഹോം സ്റ്റേഷൻ

5) ഹോം സ്റ്റേഷൻ പുതുതായി തെരഞ്ഞെടുക്കുന്നതാണോ

6) അല്ല എങ്കിൽ വിശദ വിവരം / നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള ഹോം സ്റ്റേഷൻ

## സത്യപ്രസ്താവന

ഞാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എൻെറഅറിവിലും ഉത്തമ വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകൻെറ പേര് ഒപ്പ്

സ്ഥലം ;

തീയതി

## സ്ഥാപനമേലധികാരിയുടെ അഭിപ്രായവും ശുപാർശവും

മേൽ പസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ലഭ്യമായ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് കാണുന്നു.

മേലധികാരിയുടെ ഒപ്പ്,
ഔദ്യോഗിക മേൽവിലാസം.

സ്ഥലം ;

തീയതി